

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol.20 No.9 Newsletter September 2022



നീയോ സകലത്തിലും നിർമദൻ ആയിരിക്ക; കഷ്ടം സഹിക്ക;
സുവിശേഷകന്റെ പ്രവൃത്തി ചെയ്ക; നിന്റെ ശുശ്രൂഷ
നിറപടിയായി നിവർത്തിക്ക.
2 തിമൊ. 4:5

## Independence day Celebration









## Congratulations



**ഡോ. നീന കിഷോർ** കേരള സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ പി. എച്ച്. ഡി. നേടി. മാർ ഇവാനിയോസ് കോളേജ് സെൽഫ് ഫിനാൻസിംഗ് വിഭാഗം അസി.പ്രൊഫസറും ഡോ. ടി. സി. കിഷോറിന്റെയും പത്മ കിഷോറിന്റെയും മകളുമാണ്.

# CHURCH VOICE

20th year of publication

**SEPTEMBER 2022**



**EDITORIAL BOARD**

**EDITOR**

Mrs. Valsa D. S.

**SUB EDITOR**

Er. Ceragil Austin Prince

**MEMBERS**

Er. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


## CSI MATEER MEMORIAL CHURCH

**Regular Weekly Programme**

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Choir Practice | 08:00am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 01:00pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |





# ധ്യാനപംക്തി

## റവ. ഡോ. എൽ.ഇ. സഹനം

"യഹോവേ, എത്രത്തോളം നീ എന്നെ മറന്നുകൊണ്ടിരിക്കും? എത്രത്തോളം ഞാൻ എന്റെ ഉള്ളിൽ വിചാരം പിടിച്ച് എന്റെ ഹൃദയത്തിൽ ദിവസം പ്രതി ദുഃഖം അനുഭവിക്കേണ്ടിവരും" സങ്കീ. 13:1,2.

കടുത്ത നിരാശ, മോഹഭംഗം ഇവയിലൂടെ ചിലപ്പോഴെങ്കിലും നാം കടന്നു പോകാറുണ്ട്. ആശ്രയം വയ്ക്കുന്നവർ, കരുതുമെന്ന് പ്രതീക്ഷിച്ചിരുന്നവർ, കൈവിടുമ്പോഴുണ്ടാകുന്ന അവസ്ഥയിൽ നിരാശയുടെ ആഴം കൂടും. നേടാമെന്ന് കരുതിയത് കൈവിട്ടു പോകുമ്പോഴുണ്ടാകുന്ന മോഹഭംഗവും ചിലപ്പോൾ താങ്ങാവുന്നതിലപ്പുറമാകും.

ആട്ടിടയനായിരുന്ന ദാവീദ് യിസ്രായേലിനു വെല്ലുവിളിയായിരുന്ന ഫെലിസ്ത്യനായ ഗോലിയാത്തിനെ കൊല്ലുന്നതിലൂടെ ശൗലിന്റെ രക്ഷകനും തുടർന്ന് വിശ്വസ്തനുമായി. "ശൗൽ അയക്കുന്നേടത്തൊക്കെയും ദാവീദുപോയി കാര്യാദികളെ വിവേകത്തോടെ നടത്തത്തക്കവണ്ണം (1 ശമു. 18) വിശ്വസ്ഥനും സഹായിയുമായി. ഒടുവിൽ ശൗൽ രാജാവിന്റെ പടജ്ജനത്തിനു മേധാവിയുമായി.

എന്നാൽ വളരെ വേഗം കാര്യങ്ങൾ മാറിമറിഞ്ഞു. "ശൗൽ ആയിരത്തെക്കൊന്നു ദാവീദോ പതിനായിരത്തെ"യെന്ന സ്ത്രീകളുടെ ഗാനം സ്ഥിതി ഗതികൾ പാടെ മാറ്റിക്കളഞ്ഞു. "അന്നുമുതൽ ശൗലിനു ദാവീദിനോട് കണ്ണുകടി തുടങ്ങി (18:10). ശൗലിനു ദാവീ

ദിനോടുണ്ടായിരുന്ന സ്നേഹം അനിഷ്ടമായി മാറി. പ്രിയനായിരുന്ന ദാവീദിനെ ഏറ്റവുമധികം വെറുത്തു. തുടർന്ന് ദാവീദിനു ജീവഹാനി വരുത്തുന്നതിനുള്ള വഴികൾ ശൗൽ അന്വേഷിച്ചുതുടങ്ങി. കിന്നരം വായിച്ചുകൊണ്ടിരുന്ന ദാവീദിനെതിരെ രണ്ടു പ്രാവശ്യം കുന്തം പ്രയോഗിച്ചു. മകൾ മീഖളിനെ ഭാര്യയായി നൽകിയെങ്കിലും യുദ്ധമുഖത്തേക്കയച്ചു. ഫെലിസ്ത്യരുടെ കയ്യാൽ കൊല്ലപ്പെടേണ്ടതിന് അതൊരു കെണിയായിരുന്നു. ദാവീദിനെ കൊന്നു കളയേണ്ടതിന് വീട്ടിലേക്ക് ഭൃത്യന്മാരെ അയച്ചു (19:11). രാമയിൽ ശമുവേൽ പ്രവാചകന്റെയടുക്കൽ അഭയം പ്രാപിച്ച ദാവീദിനെ കൊല്ലുവാൻ ഭടന്മാരെ അയച്ചു. പ്രാണരക്ഷാർത്ഥം ദാവീദിനു പല പ്രാവശ്യം ഗുഹയിൽ നിന്നു ഗുഹയിലേക്ക് അഭയം പ്രാപിക്കേണ്ടിവന്നു. ശൗലിനെ വകവരുത്തുന്നതിന് ദാവീദിനു അവസരങ്ങൾ ലഭിച്ചെങ്കിലും ദൈവത്തിന്റെ അഭിഷിക്തന്റെ മേൽ കൈവയ്ക്കുന്നതിനദ്ദേഹം തുനിഞ്ഞില്ല" (24:6). ആശ്രയം വച്ചവരാലും സ്നേഹം നൽകിയവരാലും പീഡിപ്പിക്കപ്പെട്ടവർ ചരിത്രത്തിൽ തന്നെ വിരളമാണ്.

പലയവസരങ്ങളിലും ശൗലിന്റെ ക്രൂരതയിൽ നിന്ന് ദാവീദ് ഒഴിഞ്ഞുമാറിപ്പോയെങ്കിലും ശൗലിന്റെ ശത്രുത തുടർന്നുകൊണ്ടേയിരുന്നു. ശൗൽ നിർദ്ദേശിച്ച നിബന്ധനകളൊക്കെ പാലിച്ചെങ്കിലും ശൗലിന്റെ ക്രൂരത അവസാനിച്ചില്ല. ജീവിതത്തെക്കുറിച്ച് തീർത്തും നിരാശയും മോഹഭംഗവും ഉണ്ടാക്കുന്ന അനുഭവങ്ങളിലൂടെയാണ് ദാവീദ് കടന്നുപോയത്. അതുകൊണ്ട് ദാവീദ് ഒരിക്കൽ ഇപ്രകാരം പറഞ്ഞു "ഒരു ദിവസം ഞാൻ ശൗലിന്റെ കയ്യാൽ നശിക്കേയുള്ളൂ; ഫെലിസ്ത്യരുടെ ദേശത്തേക്ക് ഓടിപ്പോവുകയല്ലാതെ എനിക്കു വേറെ നിവൃത്തിയില്ല (27:1). തീർത്തും നിരാശയുടെ സ്വരം.

ഈ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ദാവീദ്

ദൈവത്തോട് ഈ ചോദ്യം ചോദിക്കുന്നത് "യഹോവേ, എത്രത്തോളം നീയെന്നെ മറന്നുകൊണ്ടിരിക്കും? നീ എത്രത്തോളം നിന്റെ മുഖത്തെ ഞാൻ കാണാതവണ്ണം മറെക്കും? (സങ്കീ. 13:1).

സമാനമായ ജീവിതാനുഭവങ്ങളിൽ ചിലതിലൂടെങ്കിലും കടന്നുപോകുന്നവരാണ് നാം. വ്യക്തികളെന്ന നിലയിൽ കഠിനമായ നിരാശയും മോഹഭംഗവും നമുക്ക് സംഭവിച്ചിരിക്കാം. നമ്മെ ഏല്പിച്ച ചുമതലകൾ കൃത്യമായി ചെയ്തു തീർക്കുമ്പോഴും നാം അർഹിക്കുന്ന അംഗീകാരമോ, പ്രൊമോഷനോ തുടങ്ങിയവ വൈകിയെന്നോ, ചിലപ്പോൾ ലഭിച്ചില്ല എന്നുതന്നെ വന്നേക്കാം. സേവന മനസ്ഥിതിയോടെ ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കുന്നതിനു നിരവധി തടസ്സങ്ങൾ ഒരിക്കലും പ്രതീക്ഷിക്കാത്തയിടങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ ഉണ്ടായേക്കാം. പഠനത്തിൽ ഉദ്ദേശിച്ച സ്ഥലങ്ങളിൽ എത്തിപ്പെടുന്നതിന് പലയാവർത്തി ശ്രമിച്ചിട്ടും ലഭിക്കാത്തതിനാൽ മോഹഭംഗം സംഭവിച്ചേക്കാം. അങ്ങേയറ്റം നിരാശപ്പെടുത്തുന്ന പ്രതികരണങ്ങൾ ഉത്തരവാദപ്പെട്ടവരിൽ നിന്ന് ഉണ്ടായെന്നു വന്നേക്കാം. ഇത്തരം അനുഭവങ്ങൾ നമ്മുടെ വ്യക്തിപരമായ ജീവിതത്തിലുണ്ട്. ഒരു ആരാധനാ സമൂഹമെന്ന നിലയിലും, അനുഭവങ്ങൾ വ്യത്യസ്ഥമാകണമെന്നില്ല. ചിലരുടെയെങ്കിലും മനസ്സിൽ നമ്മുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് നിരാശയോ മോഹഭംഗമോ ഉണ്ടായി എന്നുവന്നേക്കാം. നമ്മുടെ മനസിലും യഹോവേ എത്രത്തോളം നീ ഞങ്ങളെ മറന്നുകൊണ്ടിരിക്കുമെന്ന ചോദ്യം ഉയർന്നേക്കാം.

ദാവീദിന്റെ ജീവിതാനുഭവം നമുക്കൊരു പ്രചോദനമാണ്. മരണത്തിന്റെ വക്കിൽ നിന്നാണ്, യിസ്രായേൽ ഭരിച്ച ഏറ്റവും ശക്തനായ രാജാവായി ദൈവം ദാവീദിനെ ഉയർത്തിയത്. കടുത്ത നിരാശയുടെ മധ്യേനിന്ന് ദൈവം പടിപടിയായി ഉയർത്തി. "മരണ

പാശങ്ങൾ എന്നെ ചുറ്റി പാതാളവേദനകൾ എന്നെ പിടിച്ചു; ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു എന്ന അവസ്ഥയിൽ നിന്ന് "യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവനു എന്തു പകരം കൊടുക്കും" (സങ്കീ. 116:3,12) എന്ന സ്ഥിതി യിൽ എത്തിച്ചേർന്നു.

ദൈവത്തിന്റെ ഇടപെടൽ ഉണ്ടാകുന്നതിനു വൈകിയെന്നു വന്നേക്കാം. സ്വകാര്യ ജീവിതത്തിലായാലും സമൂഹമായ നമ്മുടെ പ്രയത്നത്തിലായാലും ദൈവം തക്കസമയത്ത് ഇടപെട്ടുകൊണ്ടേ യിരിക്കും. ആശങ്ക വെടിയാം. ധൈര്യമായി, ശ്രദ്ധയോടെ പ്രവർത്തി ച്ചുകൊണ്ടേയിരിക്കാം.



# പ്രതിവാര ധ്യാനം

**സെപ്തംബർ 4**

വിഷയം: **സഭയുടെ ശുശ്രൂഷയാകുന്ന വിദ്യാഭ്യാസം**
നെഹെ. 8:1-8, സങ്കീ. 119, അ.പ്ര. 18:24-28, മത്തായി 5:1-12, തീത്തോസ് 2:1-15

**സെപ്തംബർ 11**

വിഷയം: **സ്ത്രീജന ഞായർ**
ന്യായാ. 4:4-16, സങ്കീ. 132, ഫിലി. 4:1-7, ലൂക്കൊ. 8:13

**സെപ്തംബർ 18**

വിഷയം: **അക്രമ സാഹചര്യങ്ങളിൽ സമാധാനം**
1 ശമൂ. 24:1-12, സങ്കീ. 52, റോമർ 12:14-21, മത്താ. 5:38-48

**സെപ്തംബർ 25**

വിഷയം: **മുതിർന്ന പൗരന്മാരുടെ ഞായർ**
ഉത്പ. 46:28-34, (47:1-10), സങ്കീ. 21, 1 തിമൊ. 5:1-10, ലൂക്കൊ. 2:25-35



# REPORT OF ACTIVITIES

Dear friends in Christ,

Greetings in the matchless name of our Lord and Saviour Jesus Christ.

I am privileged to report the activities during the month of August 2022.

The worship services were conducted on all Sundays at 9 AM. Sermons were delivered by Rev. Ajin Kamal, Rev. Nehemiah Thomson, Rev. Anvin Paul and Rev. Dr. L.E. Sahanam.

On 14th August, infant baptism was conducted in our Sunday morning service. Master Ryan Daniel Enock (S/o. Er. Thambu Z K &Er. Rini Solomon) and Master Jaden Henry (S/o. Mr. Nathul Henry & Er. Thara Mohanan) were baptised.

Fasting prayer was conducted on second Saturday 13th August from 10 am onwards. Worship and songs were led by CEYF and sermon was delivered by Rev. Shem Japadas.

Circle prayers were arranged on all Fridays. During the month, circle prayers were conducted at the residences of Dr. Arthur Jacob, Mrs. Jaya Prameela. J.L, Mr. Zaem Enock and Mr. Paul Justar.

Activities of all sub-organizations went on well. Senior Citizens' Fellowship conducted their annual retreat at Varkala on 18th August and the participants were greatly benefitted.

C.E.Y.F extended education scholarship to two students: Gopika, a nursing student and Jerin, a B Tech student.

Independence day was celebrated on Monday, the 15th August under the leadership of C.E.Y.F. National Flag was hoisted by

Col. D.D Anslem and a worship service was led by Rev. Dr. L.E. Sahanam with the participation of Church members.

By the grace of God, we have scheduled our Annual Gospel Convention from 23rd to 25th September 2022. Er. Thomas Alexander (Retired Dy. Chief Engineer, KSEB) will deliver the Word of God.

A meeting of the Action Council was held in August. The activities of the M.M.C.C.F are progressing to achieve our goal.

Let's continue to pray and work together in unity.

**C.F. Santhosh Kumar**

---

# SAFETY



**Steffy Miriam Sunil**

Use of drugs is spreading:
If you consume
You'll become crazy
And will walk like a zombie
We children have to be safe.
Cunning sellers offer free at first,
Then they'll ask money for more
Once you become an addict
You'll steal from parents' wallet
And you become an evil child.
Everyone will know it
All friends will leave you
But crafty sellers will offer tattoos
To stick on your tongue
It's too very dangerous!
God forbid, Beware and be safe.
B'cause it's spreading all over
Even in our own city now.



# THROUGH THE FIERY FURNACE

**Er. D. Premdas Justus**

Dear fellow believers in Christ,

Greetings to all members of the MM Church congregation in the holy name of our Lord and Saviour Jesus Christ! As I write this, the shrill loud sound made by the young ones of our families on 29th of April in front of the main gate of our Church, the 2nd home for them, not realizing that they are crying for the moon, is echoing in my mind.

On May 1st Sunday, all of us remained in our houses weeping and praying. No one told us not to go to the church, but nobody could go because our conscience told us so. From Monday morning onwards families started contacting each other through phone, talking about the urgency and importance of finding an alternate place for worship. A few members of our church, as different teams, contacted, visited, had discussions with most of the hall authorities in the city. But our Great God had already identified and reserved a place of worship for us, that is 'Salvation Army Johnson Hall'. Now we wanted a Pastor, a let come what may personality, a person who knows our congregation, a person who will be respected and accepted by our people. Great God had already spoken to him, that is Rev. Dr. L.E. Sahanam. In addition, the Pastors who are kept out by the Diocese also willingly came to help us. Let us keep saying "Thank you Jesus" during day and night, whenever the April 29th incident props up in our mind, no

doubt which will be in every minute, for the above blessings without which we would have gone astray.

On 8th Sunday we started our Worship Service at Johnson Hall. I never sang so loud and also never heard the congregation singing so loud, I never said 'Amen' so loud, also never heard the congregation saying 'Amen' so loud. That is the impact the April 29th has made on us. Let us continue, No! not only continue, but increase the volume Sunday after Sunday. Let us Praise Him, Glorify Him and Adore Him Aloud.

Circumstances demanded solutions for managing finance and proceeding with legal actions. January 18th gave us a cautioning message. A few of our members studied the pros and cons of forming a Charitable Society which became helpful and a society was registered and Bank account opened in the name "Mateer Memorial Church Congregational Fellowship" (MMCCF).

A minimum of 15 members were required to function as the Managing committee of the society. From the members of the Action council appointed by the General Body of our Church in its meeting on 20th February 2022, 25 members came forward to become part of the Managing committee in the Action Council Meeting held on 14-05-22. To meet with the mandatory requirement of the society, office bearers namely: President, Secretary, Treasurer, Vice-President and Joint Secretary were elected from this Managing committee. This is the present administrative arrangement of the society and our congregation.

All statutory requirements of a Charitable Society are being met. We have a PAN and procedure to get 12 A exemption from the Income Tax Department is in progress.

It is 4 months now that we are having our Sunday worship Service in the Johnson Hall and all other activities we were having earlier are being carried on at present. No wonder, people started asking how and when we can go back to our Church.

On May 1st Sunday, none of us went to our Church, no body told us not to go. But our mind did not permit us to go. There were reasons for that, and those reasons still exist. Only when we make sure that those reasons which stopped us from going there are not existing any more, we will go there. For this to happen, a democratic administration should come in the Diocese and also we should get an order from the legal authorities that status quo prior to April 29th 2022 is allowed. Thus a total cleaning up of LMS Compound will be accomplished.

Please be assured that possible steps are being taken for a peaceful going back to our church and that day will not be too far. Till then, we shall wholeheartedly pray and work on His divine guidance.

Let us stand united now than ever before till God's plan is fulfilled through our congregation, only for His Glory.

**Infant Baptism 14-08-2022**





# യൗവ്വനം ക്രിസ്തുമാർഗ്ഗത്തിൽ ചിട്ടപ്പെടുത്താം

**സെറാഗിൽ ഓസ്റ്റിൻ പ്രിൻസ്**

ഒരിക്കൽ ഒരു പൈലറ്റ് വിമാനം പറത്തുന്നത് എങ്ങനെയെന്ന് തന്റെ ട്രെയ്നികളോട് വിശദീകരിക്കുകയായിരുന്നു. വിമാനയാത്ര തുടങ്ങുന്നതിന് മുൻപ് കുറച്ച് നിർദ്ദേശങ്ങൾ ആ പരിശീലകൻ തന്റെ വിദ്യാർത്ഥികൾക്ക് നൽകി. 'എല്ലാവരും അവരവരുടെ സീറ്റിൽ തന്നെ ഇരിക്കണം, അകത്ത് ഉണ്ടാകുന്ന ചലനങ്ങളും, വിമാനത്തിന്റെ പുറത്ത് വന്നിടിക്കുന്ന ചെറിയ പക്ഷികൾ ഒക്കെയും നമുക്ക് അപകടമുണ്ടാക്കാം, ഓരോ വിദ്യാർത്ഥിയെയും മുന്നോട്ട് വിളിച്ച് വിമാനം പറത്തുന്ന രീതി കാണിക്കാം' തുടങ്ങിയവയായിരുന്നു നിർദ്ദേശങ്ങൾ.

വിമാനം പറന്നുയർന്നു. പർവ്വതങ്ങൾക്കും, നദികൾക്കും സമുദ്രത്തിനും പട്ടണങ്ങൾക്കും മുകളിലൂടെ ആ ചെറുവിമാനം പറന്നു. വിദ്യാർത്ഥികളിൽ ജോനാഥാൻ ജോഫ്രി എന്ന ഒരു അയർലാന്റുകാരൻ ഉണ്ടായിരുന്നു. ആരെയും അനുസരിക്കാത്ത ഒരു സ്വഭാവമായിരുന്നു ആ വിദ്യാർത്ഥിയുടേത്. വിമാനം പറന്നുയർന്നപ്പോൾ ജോനാഥാൻ സീറ്റിൽ നിന്ന് എഴുന്നേറ്റ് അട്ടഹസിക്കുവാനും നൃത്തം ചെയ്യുവാനും തുടങ്ങി. തന്റെ നിർദ്ദേശങ്ങൾ പാലിക്കാൻ പൈലറ്റ് അയാളെ ഓർമ്മിപ്പിച്ചു. എന്നാൽ, മറ്റു വിദ്യാർത്ഥികളും ജോനാഥാനോടൊപ്പം കൂടി. എല്ലാവരും നൃത്തം ചെയ്യുവാനും അട്ടഹസിക്കുവാനും തുടങ്ങി. പരിശീലകന്റെ വാക്കുകൾക്കൊന്നും അവർ ചെവികൊടുത്തില്ല.

പെട്ടെന്ന് വിമാനത്തിന്റെ ഗതി മാറി. ആ ചെറുവിമാനം ആടിയുലഞ്ഞു. 'രക്ഷിക്കണേ' എന്ന് ആ വിദ്യാർത്ഥികൾ കരഞ്ഞുവിളിച്ചു. പക്ഷെ അതിനകം തന്നെ ആ വിമാനത്തിന്റെ നിയന്ത്രണം അവരുടെ കൈകളിൽ നിന്ന് നഷ്ടപ്പെട്ടിരുന്നു. അറ്റ്ലാന്റിക് സമുദ്രത്തിൽ ആ വിമാനം പതിച്ചു. ഏഴ് വിദ്യാർത്ഥികളും പരിശീലകനും നടുകടലിൽ വീണ് മരിച്ചു.

മുകളിൽ വായിച്ചതുപോലെ യൗവ്വനം എന്നത് വളരെ തീക്ഷ്ണതയുള്ള ഒരു കാലമാണ്. മറ്റുള്ളവരുടെ നിർദ്ദേശങ്ങൾ അവഗണിക്കുന്ന

പ്രായം. സ്വന്തം കഴിവിലും ശക്തിയിലും കൂടുതൽ ആശ്രയിക്കുന്ന കാലം. എന്തും ചെയ്യാൻ തങ്ങൾക്ക് സാധിക്കും എന്ന് പല യുവജനങ്ങളും ചിന്തിക്കുന്ന സമയം. ആർക്കും കീഴ്പ്പെടാൻ തയ്യാറാകാത്ത ഒരു കാലഘട്ടം. ദൈവത്തിൽ ആശ്രയിച്ച് മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിച്ച് നല്ല മാതൃകയുള്ള ജീവിതം നയിക്കുന്ന അനേകം യുവാക്കളുമുണ്ട്. എന്നാൽ വലിയ ഒരു കൂട്ടം യുവാക്കൾ തെറ്റിന്റെ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നു. പ്രലോഭനങ്ങൾക്ക് അടിമപ്പെടാൻ ഏറ്റവും സാധ്യതയുള്ള കാലവും യൗവ്വനമാണ്.

ഇന്ന് നമ്മുടെ മാധ്യമങ്ങൾ ശ്രദ്ധിച്ചാൽ നമ്മുടെ നാട്ടിൽ നടക്കുന്ന ഭൂരിഭാഗം അക്രമങ്ങളും കുറ്റകൃത്യങ്ങളും ചെയ്യുന്നത് യുവജനങ്ങളാണ്. ലഹരിക്ക് അടിമപ്പെടുന്നത് മുതൽ കൊലപാതകങ്ങൾ നടത്തുന്നതും, ഭീകരവാദവുമൊക്കെ ആ പട്ടികയിൽ ഉണ്ട്. നമ്മുടെ സഭയിലെ ഒരു യുവാവും തന്റെ സ്വന്തം മാതാപിതാക്കൾ ഉൾപ്പെടെ കുടുംബാംഗങ്ങളെ വധിച്ചതിന് പിന്നാലെ ഇന്ന് കാരാഗ്രഹത്തിലാണ്.

ഈ പ്രതികൂലം നിറഞ്ഞ ലോകത്തിൽ നമ്മുടെ യൗവ്വനം അർത്ഥമുള്ളതാക്കാൻ നാം ദൈവത്തിൽ പൂർണമായ് ആശ്രയിച്ച് ക്രിസ്തുമാർഗ്ഗത്തിൽ നടക്കേണ്ടതുണ്ട്.

**1. ദൈവത്തിന് മുഖ്യസ്ഥാനം നൽകുവിൻ**

ഇന്ന് അനേകം പേരും ജീവിതത്തിൽ ഒന്നാം സ്ഥാനം നൽകുന്നത് ധനമുണ്ടാക്കാനും സമൂഹത്തിൽ ഉന്നതപദവികൾ നേടാനുമാണ്. ആരാധനകൾക്കോ പ്രാർത്ഥനയ്ക്കോ പ്രാധാന്യം നല്കാതെ ട്യൂഷനുകൾക്ക് ഓടി നടക്കുന്ന അനേകം വിദ്യാർത്ഥികളെ നമുക്ക് കാണാം. പല മാതാപിതാക്കളും കുട്ടികളെ പ്രാർത്ഥിക്കാൻപോലും പഠിപ്പിക്കുന്നില്ല.

*"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും" (മത്താ. 6:33)* എന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന് അറിവ് നൽകാൻ സാധിക്കും. പക്ഷെ, ആ അറിവ് എവിടെ എങ്ങനെ ഉപയോഗിക്കണം എന്ന് വിവേകം നൽകാൻ ദൈവത്തിന് മാത്രമേ സാധിക്കൂ. മാതാപിതാക്കൾ കുട്ടികളെ ചെറുപ്പകാലം മുതൽ തന്നെ ദൈവമാർഗ്ഗത്തിൽ വളർത്തുകയും പ്രാർത്ഥനയ്ക്കും ആരാധനകൾക്കും വചനം പഠിക്കുന്നതിനും മുൻഗണന നൽകുകയും വേണം.

**2. ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിക്കുവിൻ**

ഈ ലോകം നമുക്ക് സാധ്യതകളുടെയും അവസരങ്ങളുടെയും വലിയ ഒരു വഴി തുറന്നിട്ടിരിക്കുന്നു. നമുക്ക് ഏത് രീതിയിൽ ജീവിക്കാനും എന്തും നേടാനുമുള്ള സ്വാതന്ത്ര്യവും സൗകര്യവും ഈ 21 -ാം നൂറ്റാണ്ടിലുണ്ട്. വളരെ വിശാലമായ ഒരു വാതിലാണ് ഇന്നത്തെ ലോകം. എന്നാൽ ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് ജീവിതത്തിൽ ചില നിയന്ത്രണങ്ങൾ ആവശ്യമുണ്ട്. ചില അതിരുകൾ അനിവാര്യമാണ്. വേദപുസ്തകം അത് വളരെ വ്യക്തമായി പറഞ്ഞു തരുന്നു. ലോകത്തിന്റെ എല്ലാ സൗകര്യങ്ങളും നമുക്ക് ആസ്വദിക്കാൻ കഴിയില്ല. തെറ്റിന്റെ വിശാലതയിൽ നിന്ന് നന്മയുടെ ഇടുങ്ങിയ വഴിയിൽ കൂടി ദൈവത്തിൽ ആശ്രയിക്കുന്നവരെ ദൈവം നടത്തും.

*"ഇടുക്ക് വാതിലിലൂടെ അകത്ത് കടക്കുവിൻ, നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്, അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ" (മത്താ. 7:13,14).*

**3. നിത്യജീവൻ എന്ന ലക്ഷ്യം പ്രാപിക്കുവിൻ**

ഇന്നത്തെ ലോകത്തിൽ കൂടുതൽ പേരും സ്വർഗ്ഗരാജ്യം എന്ന ലക്ഷ്യം മറന്നു പോയിരിക്കുന്നു. ലൗകികമായ ലക്ഷ്യങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. നിത്യരാജ്യം അവകാശമാക്കണം എന്നൊരു ലക്ഷ്യം നമുക്കുണ്ടെങ്കിൽ ലോകത്തിന്റെ പ്രലോഭനങ്ങളെയും തിന്മകളെയും വിട്ട് ക്രിസ്തുവിന്റെ മാർഗ്ഗത്തിൽ ജീവിക്കാൻ നമുക്ക് സാധിക്കും.

*"ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്ക" (1 തിമൊ 4:12).*

**Sunday School Arts Festival 2022**

**Date : 8th & 9th October 2022**

Venue : **Salvation Army Johnson Hall, Kowdiar**

All Sunday School students &
teachers are encouraged to participate.

**For more details, contact 94975 94872**



# ദൈവം നമ്മുടെ സങ്കേതവും ബലവും

**ഡി.എസ്. വത്സ**

**അ**ടുത്ത കാലത്ത് വിവാഹിതരായ ദമ്പതികൾ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയായിരുന്നു. ഒരു ദ്വീപിൽ നിന്ന് മറ്റൊരു ദീപിലേക്ക് ചെറിയൊരു ബോട്ടിൽ യാത്ര ചെയ്യുമ്പോൾ, പെട്ടെന്നു ശക്തിയായ കാറ്റ് അടിക്കുവാൻ തുടങ്ങി. ആടിയുലഞ്ഞ ആ ബോട്ടിൽ ഇരുന്നു കൊണ്ട് ആ യുവതി പട്ടാളക്കാരനായ തന്റെ ഭർത്താവിന്റെ കരങ്ങളിൽ മുറുകെ പിടിച്ചുകൊണ്ട് ഭയത്തോടെ അലറി കരയാൻ തുടങ്ങി. വളരെ ശാന്തനായിരുന്ന പട്ടാളക്കാരനായ തന്റെ ഭർത്താവിനോട് ആ യുവതി ചോദിച്ചു: “എന്താ താങ്കൾക്ക് ഭയം തോന്നുന്നില്ലേ. ഈ കാറ്റിൽ നമുക്ക് യാത്ര തുടരാനാവില്ല. ഇത് നമ്മുടെ ജീവിതത്തിന്റെ അവസാന നിമിഷങ്ങളായിരിക്കുമോ? എനിക്കു പേടിയാകുന്നു. എന്താ താങ്കൾക്ക് ഭയമില്ലേ”. ഇതു കേട്ട യുവാവ് തന്റെ അരപ്പട്ടയിൽ നിന്നും വാൾ ഊരിയെടുത്തു. “ഈ വാൾ കൊണ്ട് എന്ത് ചെയ്യാൻ പോകുന്നു?” അവൾക്ക് ഒന്നും മനസ്സിലായില്ല. യുവാവ് മെല്ലെ ആ വാൾ യുവതിയുടെ കഴുത്തിനോട് ചേർത്തു വച്ചിട്ട് ചോദിച്ചു: “എന്താ ഭയം തോന്നുന്നില്ലേ”. പൊട്ടിച്ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു : “ഞാൻ ഏറെ സ്നേഹിക്കുന്ന, എന്നെ ഏറെ സ്നേഹിക്കുന്ന താങ്കളുടെ കൈയ്യിലല്ലേ ആ വാൾ. പിന്നെ ഞാൻ എന്തിനു ഭയപ്പെടണം, “I Love you so much”. ആ യുവാവ് വാൾ ഉറയിലിട്ടശേഷം പറഞ്ഞു: “അതു തന്നെയാണ് എന്റെയും ഉത്തരം! “ഞാൻ ഏറെ സ്നേഹിക്കുന്ന, എന്നെ ഏറെ സ്നേഹിക്കുന്ന ദൈവ കരങ്ങളിലെ കൊടുങ്കാറ്റിനെ ഞാനെന്തിനു ഭയപ്പെടണം”. മനുഷ്യൻ പരസ്പരാശ്രയം വേണ്ടിവരുന്ന ഒരു സൃഷ്ടിയാണ്. എപ്പോഴും ആശ്രയിക്കാനൊരിടം തേടിക്കൊണ്ടേയിരിക്കും. അതു ലഭിയ്ക്കാതിരിക്കുമ്പോൾ മാനസികമായും, ശാരീരികമായും അസ്വസ്ഥരാകും. നമ്മുടെ പൂർവികരായ മാതാപിതാക്കൾ തങ്ങളുടെ സാമ്പത്തികമായ ശൂന്യതയിൽ വേദനപ്പെട്ടിരിക്കുന്ന നാളുകളിൽ ആശ്രയം കണ്ടെത്തിയത് ദൈവത്തിലായിരുന്നു. ഓരോ സന്ധ്യകളിലും കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ഭാരങ്ങൾ പങ്കുവയ്ക്കുകയും ദൈവത്തിൽ ആശ്രയം വച്ച് ലഘുവായ ഹൃദയത്തോടെ വിശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ

എന്ത് തിന്നും എന്ത് ഉടുക്കും എന്ന ആശങ്കയിൽ നിന്നും ഏത് ഉടുക്കും ഏത് തിന്നും എന്ന നിലവാരത്തിലേക്ക് നാം ഉയർന്നു. നമ്മുടെ ആശങ്കകൾക്ക് കാരണം മറ്റു പലതുമാണ്. എല്ലാ റിസോഴ്സും ഉണ്ടെങ്കിലും ദൈവാശ്രയം ഇല്ലാതെ വരുമ്പോൾ ശൂന്യത തോന്നുന്ന ധാരാളം നിമിഷങ്ങൾ നമ്മുടെ ജീവിതത്തിൽ കടന്നു വരാറുണ്ട്. അതിനാൽ കഷ്ടകാലത്തു മാത്രമല്ല എല്ലാക്കാലത്തും പ്രഥമസ്ഥാനം ദൈവത്തിനു കൊടുക്കാൻ നാം ശീലിക്കുന്നതോടൊപ്പം അതു നമ്മുടെ പിൻതലമുറക്കാരെ ശീലിപ്പിക്കാം.

''When we put God first, everything else falls into their proper place''
**ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കുമ്പോൾ :**

**1. വിശുദ്ധ ജീവിതം നയിക്കാൻ സാധ്യമാകും**

ദൈവം നമ്മുടെ മുമ്പിൽ ഉണ്ടെന്ന ബോധം പലപ്പോഴും അരുതാത്തതിൽ നിന്നും അകന്നു ജീവിക്കാൻ സാധ്യമാക്കും. യോസേഫ് പ്രലോഭനങ്ങളിൽ വീഴാതെ വിശുദ്ധനായി ജീവിയ്ക്കാൻ സാധ്യമാക്കിയത് ദൈവത്തെ തന്റെ ജീവിതത്തിൽ പ്രഥമ സ്ഥാനത്ത് വച്ചതിനാൽ ആണല്ലോ.

**2. സുരക്ഷിതത്വബോധം ഉണ്ടാകും**

കണ്ണുകളിൽ ഇരുട്ടുനിറയുന്ന മരണത്തിന്റെ താഴ്വരയിലും വഴി പതറാതെ കരം പിടിക്കുന്നവൻ കൂടെയുണ്ട് എന്ന ബോധ്യം ഉണ്ടാക്കുന്ന സുരക്ഷിതത്വം വിവരണത്തിന് അതീതമാണ്. സിംഹക്കൂട്ടിൽ ദാനിയേൽ അനുഭവിച്ച സുരക്ഷിതത്വം നാമും അനുഭവിച്ച സന്ദർഭങ്ങൾ ഉണ്ടാകുമല്ലോ.

**3. മുന്നിലെ പ്രശ്നങ്ങൾ പിന്നിലേക്ക് മാറിപ്പോകും**

മിദ്യാന്യരെ പേടിച്ച് ഓടിപ്പോയപ്പോൾ ചെങ്കടൽ എന്ന പ്രശ്നത്തെ രണ്ടായി മാറ്റി ഉണങ്ങിയ നിലത്തുകൂടെ നടത്തിയ ദൈവം നമ്മുടെ കൂടെ ഉണ്ടെന്ന ബോധ്യം ഗോലിയാത്തിനെപ്പോലെയുള്ള രാക്ഷസ പ്രശ്നങ്ങളെ ഉന്മൂലനം ചെയ്യാൻ ദാവിദിന് സാധ്യമാക്കി. അതുപോലെ നമ്മുടെ ജീവിതത്തിൽ വരുന്ന പ്രശ്നങ്ങൾ മാറിപ്പോകും. പ്രശ്നങ്ങൾ മാറാൻ സമയമെടുത്തേക്കാം. പ്രശ്നത്തിനു മുമ്പിൽ ധൈര്യത്തോടെ നിന്ന് ജയോത്സവമായി നടത്താൻ ശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിച്ച് മുന്നേറാൻ കഴിയും.

"ഭയമോ ഇനിയെന്നിൽ സ്ഥാനമില്ല
എൻ ഭാവിയെല്ലാം താതൻ കരങ്ങളിലാം
നിരാശ ഇനി എന്നെ തൊടുകയില്ല
പ്രത്യാശയാൽ അനുദിനം വർദ്ധിക്കട്ടെ"
യാഹെ... നീയെന്റെ ദൈവം....



# നമ്മുടെ കുരുന്നുകൾക്ക് നാം കരുതലിൻ കരങ്ങളോ?

ഡോ. ക്രിസ്റ്റൻസൺ ഈ. സാരസം

## തലമുറയുടെ പരിപാവനത

ദൈവം നമുക്ക് നല്കിയിട്ടുള്ള ഏറ്റവും വലിയ അനുഗ്രഹമാണ് കുഞ്ഞുങ്ങൾ. *"മക്കൾ യഹോവ നൽകുന്ന അവകാശവും, ഉദരഫലം അവൻ നൽകുന്ന പ്രതിഫലവും തന്നെ" (സങ്കീ. 127:3).* ചെറുപ്രായത്തിൽ ഇവർ കാണുന്ന കാഴ്ചകൾ, കേൾക്കുന്ന സംഭാഷണങ്ങൾ, വാർത്തകൾ, അഭിപ്രായങ്ങൾ ഇവയൊക്കെ വളർച്ചയുടെ ഘട്ടങ്ങളിൽ ഇവരെ സാരമായും സ്ഥായിയായും സ്വാധീനിക്കുന്നു; ആർജിക്കുന്ന അരുതാത്തത് അവരെ സാവകാശമായി വഴിതെറ്റിക്കുന്നു. കുടുംബാന്തരീക്ഷത്തിൽ തന്നെയാണ് ഇതിന് പ്രതിവിധി കണ്ടെത്തേണ്ടത്. കാഴ്ചയും കേൾവിയും പരസ്പര പൂരകങ്ങളാണ്. കുഞ്ഞുങ്ങൾ കണ്ടും കേട്ടും പഠിക്കുന്നു. അതിലൂടെ അവരുടെ സ്വഭാവം രൂപപ്പെടുന്നു. നല്ലത് ലഭിച്ചു പാകപ്പെടുന്നു; തീയത് ലഭിച്ചു കെട്ടുപോകുന്നു. മിക്കവാറും യാഥാസ്ഥിതിക ചിന്താഗതിയിൽ നമ്മുടെ വീടുകളിൽ വളരുന്ന കുഞ്ഞുങ്ങൾക്ക് പുറംലോകം ധാരാളം സ്വാതന്ത്ര്യത്തിന് അവസരം ഒരുക്കുന്നു. എന്തും ഏതും കാണാനും കേൾക്കാനും അവസരമുള്ളപ്പോൾ വഴിതെറ്റിപ്പോകാനുള്ള സാധ്യതകളും അധികമാണ്. അവർ നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കണമെങ്കിൽ അവർക്ക് ആത്മധൈര്യവും ആത്മനിയന്ത്രണവും ധാർമീക മൂല്യബോധവും ഉണ്ടായിരിക്കണം. *"നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ സമാധാനം വലിയതും ആയിരിക്കും" (യെശ. 54:13).* ഭവനത്തിൽ മാതാപിതാക്കളോട് എന്തും തുറന്നു പറയാനും പങ്കുവക്കാനുമുള്ള സ്നേഹ സൗഹൃദപരമായ അന്തരീക്ഷത്തിൽ വേണം മക്കളെ വളർത്താൻ. ഇലക്ട്രോണിക് മീഡിയ സൃഷ്ടിക്കുന്ന 'വെർച്ച്വയർ റീയാലിറ്റികളിൽ' മൊബൈൽ ഫോണും ഇന്റർനെറ്റുമൊക്കെ മുഖ്യ പങ്ക് വഹിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകൾക്കു വേണ്ടി ഈ സംവിധാനങ്ങളൊക്കെ നമ്മുടെ കുരുന്നുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നതിനാൽ ഇവയിൽ നിന്നൊക്കെ പാടെ വിട്ടുനിൽക്കാൻ കഴിയില്ലെങ്കിലും ദുരുപയോഗം കുറയ്ക്കാൻ നമുക്ക് കഴിയണം. മാതാ

പിതാക്കളുടെ അതീവ ശ്രദ്ധയും ജാഗ്രതയും വേണ്ടത്ര നൽകപ്പെടുന്നില്ലെങ്കിൽ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമായിരിക്കും എന്ന വസ്തുത അവഗണിക്കാനാവില്ല. കൂടാതെ, ഈ മാധ്യമങ്ങളിലൂടെ നമ്മുടെ കുട്ടികൾ കുടുംബാംഗങ്ങളുടെയോ പ്രത്യേക ശ്രദ്ധ ഉണ്ടാവണമെന്ന് ഇത് നമ്മെ ഓർമിപ്പിക്കുന്നു. *"ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും; ഞാൻ നിന്റെ മേൽ ദൃഷ്ടി വച്ച് നിനക്കു ആലോചന പറഞ്ഞു തരും (സങ്കീ. 32:8).*

**നിഷ്കളങ്കതയും നിർമലതയും**

ശൈശവ ദശയിലെ കുഞ്ഞുങ്ങൾ തികഞ്ഞ ഗ്രഹണശക്തിയുള്ളവരാണ്. അവർ ഭവനാന്തരീക്ഷത്തിൽ പിതാവിനെയും മാതാവിനെയും അനുകരിക്കും. മാതാപിതാക്കളിൽ നിന്നും അവർ പലരും സ്വാംശീകരിക്കുന്നു. മാതൃകാജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ക്രിസ്തീയ ഭവനങ്ങളിൽ പോലും സത്യം, നീതി, ധർമം എന്നിവയ്ക്ക് മുൻതൂക്കം നൽകപ്പെടുന്നില്ല എന്നതു ദുഃഖകരമായ സത്യമാണ്. വീട്ടിലുള്ളപ്പോൾ ആരെങ്കിലും വിളിച്ചാൽ, **'യാത്രയിലാണെന്ന്'** മറുപടി നൽകുന്ന പിതാവിനെയും, പിതാവ് അറിയാതെ പേഴ്സിൽ നിന്നും പണം എടുക്കുന്നതും ആരെടുത്തു എന്നു പിതാവ് ചോദിച്ചപ്പോൾ ***'ഞാനല്ലേ'*** എന്നും ഉത്തരം പറയുന്ന മാതാവിനെയും കണ്ടു വളരുന്ന കുഞ്ഞുങ്ങൾ അക്ഷരാർദ്ധത്തിൽ ഗുരുതരമായ സ്വഭാവ ദൂഷ്യത്തിൽ എത്തിച്ചേരുന്നു. എന്നാൽ മാതാപിതാക്കൾ തിരുവചനം വായിക്കുന്നതും, സ്തുതിഗീതങ്ങൾ പാടുന്നതും കേട്ടു കുഞ്ഞുങ്ങൾ വളരട്ടെ. അവരുടെ ത്യാഗവും സ്നേഹവും കണ്ടു പഠിക്കട്ടെ. എന്റെ പ്രിയ പപ്പാ അതിരാവിലെ ഉച്ചത്തിൽ പാടിയിരുന്ന പാട്ടുകൾ ഇന്നുമെനിക്കു നാവിൽ പാഠമാണ്. മക്കളായ ഞങ്ങൾ ഉറങ്ങാൻ കിടക്കുമ്പോൾ കിടക്കയ്ക്കരുകിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു നിൽക്കുന്ന പ്രിയ അമ്മയുടെ ചിത്രം ഇന്നും മനസ്സിൽ തെളിഞ്ഞു നില്ക്കുന്നു. മാതാപിതാക്കളുടെ ആരാധനാ കീർത്തനങ്ങളും പ്രാർത്ഥനാ അപേക്ഷകളും കേട്ടും അവരുടെ വിശുദ്ധ ജീവിതവും സൗഹൃദം പുലർത്തുന്ന അയൽ ബന്ധങ്ങളും ഔദാര്യ പ്രവർത്തികളും കണ്ടും വളരുന്ന കുഞ്ഞുങ്ങൾ തങ്ങളുടെ തലമുറയിൽ ജീവിതസാക്ഷ്യം നിലനിർത്തും. നിശ്ചയം. *"മകനേ നിന്റെ അപ്പന്റെ കൽപന പ്രമാണിക്ക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്. അത് എല്ലായ്പ്പോഴും നിന്റെ ഹൃദയത്തോട് ബന്ധിച്ചു കൊൾക; നിന്റെ കഴുത്തിൽ അത് കെട്ടിക്കൊൽക. നീ നടക്കുമ്പോൾ*

*അത് നിനക്കു വഴികാണിക്കും. നീ ഉറങ്ങുമ്പോൾ അത് നിന്നെ കാക്കും; നീ ഉണരുമ്പോൾ അത് നിന്നോടു സംസാരിക്കും" (സദൃ. 6:20-22).*

**ഇന്നിന്റെ പ്രസക്തി**

ചിട്ടയോടെ പഠിക്കാനും ജീവിതത്തെക്കുറിച്ച് ഉന്നത സ്വപ്നങ്ങൾ മെനയാനും കുട്ടികളെ പരിശീലിപ്പിക്കണം. ഉയരങ്ങൾ കീഴടക്കാനുള്ള ലക്ഷ്യബോധത്തോടെ പ്രവർത്തിക്കാൻ ഉത്തേജനം നൽകുന്ന മനസ്സിന്റെ ഭാവനയാണ് സ്വപ്നങ്ങൾ. ഇക്കാര്യത്തിൽ 'ടൈം മാനേജുമെന്റ്' വളരെ പ്രസക്തമാണ്. **'ഇപ്പോഴാണ്'** ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട സമയമെന്ന ബോധ്യം കുട്ടികൾക്ക് പകർന്നു നൽകണം. ഇന്നലെകളെയോർത്ത് നിരാശപ്പെടുകയോ നാളകളെയോർത്ത് വ്യാകുലപ്പെടുകയോ ചെയ്യുന്നതിൽ അർധമില്ലല്ലോ? ഇന്ന് ഏറ്റവും മെച്ചമായി ജീവിക്കുക, ഇന്ന് പഠിക്കേണ്ടതെല്ലാം പഠിക്കുക, ഇന്നത്തെ സന്തോഷം പൂർണമായും അനുഭവിക്കുക, ഇന്ന് മുട്ടിപ്പായി പ്രാർത്ഥിക്കുക... നാളെ എന്ന ദിവസം നമ്മുടേതല്ലാത്തതിനാൽ, ഒന്നും മാറ്റിവയ്ക്കാതെ ഇന്ന് ചെയ്യേണ്ടതെല്ലാം ഇന്നുതന്നെ ചെയ്യുക എന്ന ദൃഢപ്രതിജ്ഞയെടുക്കാൻ കുട്ടികളെ പ്രേരിപ്പിക്കയാണ് വേണ്ടത്. *"....ഉറുമ്പിന്റെ അടുക്കൽ ചെല്ലുക; അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്ക"* (സദൃ. 6:6). ചിട്ടയോടുകൂടിയ ഒരു ജീവിതചര്യക്ക് ഒരു 'ടൈം ടേബിൾ' മാതാപിതാക്കൾ തന്നെ സ്വന്തം മക്കൾക്കു ചിട്ടപ്പെടുത്തിക്കൊടുക്കണം. പ്രഭാതത്തിൽ പ്രാർത്ഥനയോടെ എഴുന്നേൽക്കുക, ദിനചര്യകൾ നിറവേറ്റുക, തിരുവചന പാരായണം, കുടുംബ പ്രാർത്ഥനയിൽ പങ്കെടുക്കുക, കുളിക്കുക, ഭക്ഷണം കഴിക്കുക, വായിച്ചു പഠിക്കുക, എഴുതുക, ഉത്തരം കണ്ടെത്തുക, കരകൗശല പ്രവർത്തികൾ ചെയ്യുക, വാർത്ത കേൾക്കുക, വിശ്രമ സമയത്ത് കളിക്കുക, വീട്ടിലെ എല്ലാവരോടും നർമസംഭാഷണത്തിൽ പങ്കെടുക്കുക, സന്ധ്യാപ്രാർത്ഥനയിൽ കൂടുക... ഇതെല്ലാം ടൈംടേബിളിൽ ചേർന്നിരിക്കണം. ദൈവസഹായത്താൽ എനിക്കു എല്ലാം സാധിക്കും എന്ന ആത്മവിശ്വാസം കുട്ടികളിൽ വളർത്തിയെടുക്കണം. ആയുസും ആരോഗ്യവും കഴിവുകളും താലന്തുകളും ദൈവത്തിന്റെ ദാനമെന്നതിനാൽ അനുദിന പ്രാർത്ഥനയിലൂടെ സർവകാര്യങ്ങളും ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുന്ന ഒരു ശീലം കുട്ടികളിൽ ഉണ്ടായേതീരൂ. അങ്ങനെയെങ്കിൽ, ഉൽകണ്ഠയും, ആശങ്കയും, ടെൻഷനും, ഭയവുമില്ലാതെ കുഞ്ഞുങ്ങൾ വളർന്നുവരും.

## How the poor live?

One day, a father of a very wealthy family took his son on a trip to the country with the firm purpose of showing his son how poor people live. They spent a couple of days and nights on the farm of what would be considered a very poor family. On their return from their trip, the father asked his son, "How was the trip?"

"It was great, Dad".

"Did you see how poor people live?" the father asked.

"Oh yeah" said the son.

"So, tell me, what did you learn from the trip?" asked the father.

The son answered, "I saw that we have one dog and they had four. We have a pool that reaches to the middle of our garden, and they have a creek that has no end. We have imported lanterns in our garden, and they have the stars at night. Our patio reaches to the front yard, and they have the whole horizon, We have a small piece of land to live on, and they have fields that go beyond our sight. We have servants who serve us, but they serve others. We buy our food, but they grow theirs. We have walls around our property to protect us; they have friends to protect them".

The boy's father was speechless.

Then his son added,

"Thanks, Dad, for showing me how poor we are".

## സേലാ

സങ്കീർത്തനങ്ങളിൽ 71 പ്രാവശ്യവും (പ്രാരംഭം - സങ്കീർത്തനം 3:2). ഹബക്കൂക് പ്രവചനത്തിൽ 3 പ്രാവശ്യവും പ്രത്യക്ഷപ്പെടുന്ന സേലാ എന്ന പദത്തിന്റെ അർത്ഥം സ്പഷ്ടമല്ല. ഗാനാലാപനത്തിൽ ഗായകർ ആലാപനം നിർത്തുകയും വാദ്യോപകരണങ്ങളുടെ സംഗീതം തടസ്സംകൂടാതെ തുടരുകയും ചെയ്യുന്ന ഹ്രസ്വമായ ഇടവേളയെ കുറിക്കുന്ന പദമാണ് സേലാ എന്ന് അനുമാനിക്കുപ്പെടുന്നു. സേലാ സംജ്ഞയുടെ മൂലപദത്തിന് ഉയർത്തുക എന്ന അർത്ഥമുള്ളതിനാൽ ഗാനാലാപനവും വാദ്യസംഗീതവും ഉസ്ഥായിയിലെത്തേണ്ട സന്ദർഭത്തെ സേലാ എന്ന പദം കുറിക്കുന്നു എന്ന മറ്റൊരു വാദമുഖവും ഉണ്ട്. യഹൂദന്മാരുടെ പള്ളികളിൽ ഉപയോഗിച്ചിരുന്ന ആരാധനാപുസ്തകത്തിലും ശലമോന്റെ സങ്കീർത്തനങ്ങൾ എന്ന പുസ്തകത്തിലും ഈ പദം ദൃശ്യമാണ്. അർത്ഥം എന്തു തന്നെ ആയിരുന്നാലും സേലാ എന്ന പദം ദൈവീകാരാധനയുടെ അംശമായിരുന്നു എന്നതിന് സംശയമില്ല.



# THE PURPOSE OF JESUS COMING INTO THE WORLD

**Daniel Wellington**

The Son of Man came into the world to shed His blood and to overcome the devil by crushing his head. Jesus Christ came to set the captives free. Though Jesus was born as the Son of man, yet He was Son of God who knew what was going to happen to Him. He called His disciples and told them that the son of man would be betrayed, unto the chief priests and unto the scribes. They would condemn Him to death and He would be delivered to the gentiles to be mocked, He would be scourged then would be crucified. On the third day He would rise again.

Christians celebrate the day on which the son of God has been given to be crucified for the redemption of humanity as Good Friday. On the Cross we visualize the supreme character of God - Love. Jesus has revealed the total character of God on the cross. The self-sacrifice of Jesus Christ on the cross gives power and inspiration to our lives. Cross was a symbol of insult, lowliness and curse [Deut. 21:23; Gal. 3:13]. Christ has endured the cross scorning its shame [Heb. 12:2]. He suffered till the death on the cross [Phil. 2:8]. As we meditate His death on the cross, we should remember the ways of the light of God's love.

The Lord Jesus Christ had a betrayer within His own disciples, which was the plan of God. His name was Judas Iscariot in whom the devil penetrated and gave him the spirit of betrayal for love of money.

Today are you trading for Jesus? Are you denying Jesus for something in your life. My dear friend, you may be called a Christian, you would have been baptized, and anointed by the Spirit of God, but you need to take a stand. Will you deny the LORD for some material benefits? Those who have true love for Jesus and honor God will never do that.

My dear child of God, the purpose of Jesus coming into the world is to deliver you and your family from the hands of satan and prepare you for His glorious coming. Jesus Christ fulfilled His call. As He said, He was crucified and on the third day He rose again. He is still alive, and He appears to millions of people.

Jesus bore great suffering. On one hand, His own disciples disappeared; on the other hand, there was the denial of Peter, His disciple and the talk of the town, yet Jesus after hearing this bore it all patiently and said to His Father, "Father, forgive them, for they do not know what they do."

What a joy to worship the One and only God of the entire universe, the seen and the unseen! What a privilege to be called children of God! Our Father is the Lord God Almighty to whom everything moves and in whom everything trembles. Without Him nobody can do anything and without Him nothing can take place. The challenge today is who can be compared to the Lord.

Jesus commanded His disciples to preach that the Kingdom of Heaven is at hand, to heal the sick, cleanse the lepers, raise the dead, and caste out devils. He said freely you have received, therefore freely give. Jesus also warned His disciples that God was sending them as sheep in the midst of the wolves.

He knows his Kingdom will be shaken. Satan disrupts the lives of God's children, God's servants, the churches and the ministries, yet the Lord will speak for them and safeguard them [Matthew 10:17].

Today, if you will hear His voice, harden not your heart. The call of God in your life is precious. Do not neglect it when God calls you. Go forward looking unto the Savior who gave you life and victory over the devil. Victory is all yours, as the Lord has opened His Treasure Gates of Heaven for you.

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Book of Zephaniah Chapter 2, 3, Book of Haggai, Book of Zechariah Chapter 1 to 7. Kindly, read these eleven chapters before attempting the quiz. In spite of having seen the destruction and exile of Israel (the northern kingdom), Judah (the southern kingdom) refuses to keep its covenant obligations to God. If Judah repents and abandons its evil ways, "perhaps" God will forgive (Zep. 2:3). Regardless, God's judgment will lead to renewal for Judah and other peoples (Zep. 3:9-20).

Please read the questions and the portion more carefully and understand the context. The submitted answers might be accepted based on the difficulty of the question and reference, so everyone is encouraged to go through the answers being published (which is the format in which the answers are expected to be submitted), even though your name might be in the list. Some respondents are sending me whole verse instead of the answer (maybe hoping that the quizmaster will find the answer from the verse) which is not acceptable, because you are expected to read through the portion and find out the answers yourself. Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before September 28th through email at churchvoicequiz@gmail.com

***Kindly write your name and time with date of submission on all correspondence. When sending answers as attachments in email, add the details inside the attachment itself. Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.***
***After taking a photo make sure that the answers are readable before sending it.***
***Email is the only mode of communication.***

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz You can also scan the QR code to go to the link.*

1. "I will make you like my signet ring, for I have chosen you", declares the LORD Almighty. Who is spoken about here?
2. Who had a vision of a man riding a red horse?
3. Her ................ are evening wolves.
4. Which place will be emptied at midday?
5. The LORD told Zechariah to take silver and gold, for making a crown, from who?
6. How many olive trees were by the solid gold lampstand with a bowl on the top, that Zechariah saw?
7. Father of Zerubbabel?
8. What is the name of the ninth month?
9. "See I have taken away your sin, and I will put rich garments on you". The angel of the LORD told this to whom?
10. What was the size of the flying scroll seen by Zechariah?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

*The correct answers to the quiz from Micah 5 to 7, Nahum, Habakkuk and Zephaniah 1*

1. Shepherds of the king of Assyria (Nah. 3:17)
2. Bashan and Gilead (Mic. 7:14)
3. Bethlehem Ephrathah (Mic. 5:2)
4. Nineveh (Nah. 2:1)
5. To act justly and to love mercy and to walk humbly with our God (Mic. 6:8)
6. Leopards (Hab. 1:6-8)
7. The Lord (Nah. 1:7)
8. The prophet will yet rejoice in the Lord and will be joyful in God his Saviour. (Hab. 3:17,18)
9. The prophet Habakkuk (Hab. 2:1)
10. He will punish them (Zep. 1:12)

# ചർച്ച്‌വോയ്സ് ബൈബിൾ ക്വിസ്സ് മലയാളം പരിഭാഷ

സെപ്റ്റംബർ 2022 – സെഫന്യാവ് 2, 3, ഹഗ്ഗായി, സെഖര്യാവ് 1–7

എല്ലാമാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനു ശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. ഞാൻ നിന്നെ എടുത്തു മുദ്രമോതിരമാക്കും എന്നു യഹോവയുടെ അരുളപ്പാടു; ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു. ആരെക്കുറിച്ചാണ് ഇവിടെ പറയുന്നത്?
2. ചുവന്ന കുതിരപ്പുറത്തു കയറിയിരിക്കുന്ന ഒരു പുരുഷനെ കണ്ടതാര്?
3. അതിന്റെ ........... വൈകുന്നേരത്തെ ചെന്നായ്ക്കൾ.
4. ഏതു സ്ഥലത്തിനെയാണ് മദ്ധ്യാഹ്നത്തിങ്കൽ നീക്കിക്കളയുന്നത്?
5. ആരുടെ കയ്യിൽ നിന്നാണ് കിരീടം ഉണ്ടാക്കേണ്ടതിനുള്ള വെള്ളിയും പൊന്നും വാങ്ങാൻ യഹോവ സെഖര്യാവിനോടു പറഞ്ഞത്?
6. മുഴുവനും പൊന്നുകൊണ്ടുള്ളോരു വിളക്കുതണ്ടും അതിന്റെ തലെക്കൽ ഒരു കുടവും സെഖര്യാവ് കണ്ടപ്പോൾ അതിന്നരികെ എത്ര ഒലിവുമരം ഉണ്ടായിരുന്നു?
7. സെരുബ്ബാബേലിന്റെ പിതാവ്?
8. ഒമ്പതാം മാസത്തിന്റെ പേരെന്ത്?
9. ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും, എന്നു യഹോവയുടെ ദൂതൻ ആരോടാണ് പറഞ്ഞത്?
10. സെഖര്യാവ്വ് കണ്ട പാറിപ്പോകുന്ന ചുരുളിന്റെ വലിപ്പം എന്തായിരുന്നു?

**“നിന്നെ ക്ലേശിപ്പിക്കുന്ന ഏവരോടും**
**ഞാൻ ആ കാലത്ത് ഇടപെടും;**
**മുടന്തിനടക്കുന്നതിനെ ഞാൻ രക്ഷിക്കയും**
**ചിതറിപ്പോയതിനെ ശേഖരിക്കുകയും സർവഭൂമിയിലും**
**ലജ്ജനേരിട്ടവരെ പ്രശംസയും**
**കീർത്തിയുമാക്കിത്തീർക്കുകയും ചെയ്യും”**
**(സെഫന്യാവ് 3:19)**

# OBITUARY

| Sl No | Family No | Name |
|---|---|---|
| 1 | 1454 | Mrs. Swarnam<br>Mynadveedu, ARA 63,TC 22/905-2,<br>Attukal, Manacaud P.O.<br>Died on:- 12-08-2022  |
| 2 | 181 | Prof. Sumitra Ross Chandran<br>Pushpita, NCRA 80, YMR Jn.<br>Trivandrum 695003<br>Died on:- 23-08-2022  |
| 3 | 195 | Mr. Nelson D.<br>TC 24/443, CRA G28, Charachira,<br>Trivandrum 695003<br>Died on:- 26-08-2022  |
| 4 | 765 | Mrs. Mary Prasad<br>Premera, KS Road, Kovalam,<br>Trivandrum 695027<br>Died on:- 04-09-2022  |
| 5 | 935 | Mr. Immanuel P. N.<br>TC 14/600, Near Valsala Nursing home,<br>Palayam, Trivandrum<br>Died on:- 13-09-2022  |

# Senior Citizens' Retreat









Mr. V. Justin handing over a copy of his book, 'Power of Faith, Patience and Perseverance' to Rev. Dr. Mathia Joshua





## Song by Junior Choir on 29th August 2022



*The Word of God is a lamp to my feet and light to my path" Ps. 119:105*

# CSI MATEER MEMORIAL CHURCH

Trivandrum

## ANNUAL GOSPEL CONVENTION 2022

*Speaker*



**Er. Thomas Alexander**

Deputy Chief Engineer (Rtd.) KSEB Limited

2022 SEPTEMBER 23 24 25

The Salvation Army Johnson Hall

Kowdiar, Trivandrum